സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് ചർച്ച ചെയ്തു പരിഹരിക്കാനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും മുഖാമുഖം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇത്തരം സംരംഭങ്ങൾക്ക് ബാങ്ക് വായ്പയ്ക്ക് അനുപാതികമായി, മാർജിൻ മണി വായ്പയും, മൊത്തം മുതൽ മുടക്കിനുള്ള മൂലധന സബ്സിഡിയുമാണ് നൽകിവരുന്നത്.

പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തനമാരംഭിക്കുവാൻ നടപടി

147 (2177) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പുതിയ മാനേജ്മെന്റിന് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത മിൽ എന്നുമുതൽ തുറന്നു പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമായി ഗവൺമെന്റ് അതിന് തയ്യാറായ കമ്പനിക്ക് വ്യവസ്ഥകൾക്ക് വിധേയമായി ചില ആനുകൂല്യങ്ങൾ നൽകാൻ ഉത്തരവായി. കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ഒരു ധാരണാപത്രം ഒപ്പിടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി കമ്പനി മാനേജ്മെന്റുമായി 2002-ൽ ഒരു കരാർ ഒപ്പുവച്ചിരുന്നു. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരവും പുതിയ മാനേജ്മെന്റുമായി നടത്തിയ ചർച്ചകളുടെ വെളിച്ചത്തിലും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചു.

- കമ്പനി വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ള 44.78 ലക്ഷം രൂപ 6% പലിശ സഹിതം പുതിയ പ്രൊമോട്ടർ നൽകണം. എന്നാൽ കെ.എസ്.ഇ.ബി. മിനിമം ഡിമാന്റ് ചാർജിനത്തിൽ നൽകാനുള്ള തുക ആവശ്യപ്പെടുന്നതല്ല. കമ്പനിയുടെ ആവശ്യത്തിലേക്കായി പുതിയ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ നൽകുന്നതിന് ആവശ്യമായി വരുന്നചെലവ് കമ്പനി വഹിക്കേണ്ടതാണ്.

- വിൽപ്പന നികുതിയിനത്തിൽ കുടിശ്ശികയായ തുക 207 ലക്ഷം രൂപയിൽ സെറ്റിൽ ചെയ്യുന്നതിന് അനുവദിച്ചു.

- ഭൂപരിഷ്കരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ജില്ലാ കളക്ടർ ഏറ്റെടുത്ത അധിക ഭൂമി മന്ത്രിസഭയുടെ അനുവാദത്തോടു കൂടി വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കാൻ തീരുമാനിച്ചു.

കമ്പനിക്ക് നൽകുന്ന ആനുകൂല്യങ്ങൾ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ മാനേജ്മെന്റ് എടുക്കുന്ന നടപടികൾക്ക് വിധേയമായിരിക്കും.

(സി) കമ്പനിയുടെ തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി, കോമ്പൻസേഷൻ തുടങ്ങിയവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മുൻകൈ എടുത്ത് ഒരു ത്രികക്ഷി കരാറിൽ ഒപ്പുവച്ചു. അതിലൂടെ ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന കുടിശ്ശികകൾ ലഭിക്കുന്നതിന് വഴിയൊരുങ്ങി.

(ഡി) കമ്പനിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കമ്പനിയുടെ ഉൽപ്പാദനത്തിന്റെ ട്രയൽ റൺ വിഷുവിന് ആരംഭിക്കാൻ കഴിയുമെന്ന് കമ്പനി അധികൃതർ ഗവൺമെന്റിന് ഉറപ്പ് നൽകിയിട്ടുണ്ട്.

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

148 (2178) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെയാണ് ലാഭകരമാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് നവീകരണം നടപ്പാക്കിയിട്ടുള്ളത് ;

(ഡി) ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly